"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ചാലക്കുടി നഗരസഭ - ശ്രീ കലാഭവൻ മണിയുടെ ചരമവാർഷികാചരണത്തിന് നഗരസഭയുടെ പ്ലാൻ / തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.)വകുപ്പ്**

**സ.ഉ.(സാധാ) നം.1356/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 03/07/2019

---

പരാമർശം:- 1 29/05/2018 ലെ സ.ഉ.(സാധാ) നം. 1467/2018/തസ്വഭവ ഉത്തരവ്

2 ചാലക്കുടി നഗരസഭാ ചെയർപേഴ്സന്റെ 08/04/2019 ലെ ജി2-3077/2018 നമ്പർ കത്ത്.

3 നഗരകാര്യ ഡയറക്ടറുടെ 24/05/2019 ലെ ജി2-8664/19 നമ്പർ കത്ത്.

<u>ഉത്തരവ്</u>

<u>ഉത്തരവ്</u>

ചാലക്കുടി നഗരസഭയും കലാഭവൻമണി ഫൗണ്ടേഷനും ചേർന്ന് സംഘടിപ്പിക്കുന്ന ശ്രീ കലാഭവൻ മണി അനുസ്മരണ പരിപാടികൾക്കായി നഗരസഭാ ഫണ്ടിൽ നിന്ന് തുക വിനിയോഗിക്കുന്നതിന് കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭാ വിഹിതമായി 1 ലക്ഷം രൂപ (ഒരു ലക്ഷം രൂപ മാത്രം) നഗരസഭയുടെ പ്ലാൻ/തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. ഉത്തരവ് ലഭ്യമാകുന്നതിന് കാലതാമസം നേരിട്ടതിനാൽ ടി തുക നഗരസഭാ ഫണ്ടിൽ നിന്നും ചെലവഴിക്കുവാൻ കഴിഞ്ഞില്ലെന്നും പ്രസ്തുത തുക ഈ വർഷം ചെലവഴിക്കുന്നതിനും വരും വർഷങ്ങളിൽ 1 ലക്ഷം രൂപ വീതം നഗരസഭ ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം ചാലക്കുടി നഗരസഭാ ചെയർപേഴ്സൺ അഭ്യർത്ഥിക്കുകയും പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്യുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2018 ലെ കലാഭവൻ മണി അനുസ്മരണ പരിപാടികൾക്കായി പരാമർശം (1) ഉത്തരവ് പ്രകാരം അനുവദിച്ച 1 ലക്ഷം രൂപ (ഒരു ലക്ഷം രൂപ മാത്രം) ഈ വർഷം നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീജ വി**

**ഡെപ്യൂട്ടി സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ചെയർപേഴ്സൺ / സെക്രട്ടറി, ചാലക്കുടി നഗരസഭ, തൃശ്ശൂർ.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Remola

സെക്ഷൻ ഓഫീസർ